**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **13-01-2021 - ൽ മറുപടിയ്ക്ക്**

**മുഴപ്പിലങ്ങാട്- ധർമ്മടം ബീച്ചിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്- ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനത്തിന് കിഫ്ബി എന്ത് തുകയാണ് അനുവദിച്ചതെന്നും ഏത് ഏജൻസിയെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇപ്പോൾ നിയോഗിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് - ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം (Character Area 01) എന്ന പദ്ധതിയ്ക്ക് ആകെ 52.541 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെയാണ് പ്രസ്തുത പദ്ധതിയുടെ പദ്ധതി നിർവ്വഹണ ഏജൻസി ആയി ഭരണവകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. |
| (ബി) | 13.11.2019ലെ ജി.ഒ.(എം.എസ്)നം.395/2019/ റ്റി.എസ്.എം. പ്രകാരം എം/എസ് ഇൻകെൽ നെ പ്രസ്തുത പ്രോജക്റ്റിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) | നിയോഗിച്ചിരുന്നു. |
| (സി) | ഇൻകെലിനെ പിന്നീട് ഈ പ്രവൃത്തിയിൽ നിന്നും നീക്കം ചെയ്തിരുന്നോ; എങ്കിൽ അതിന്റെ കാരണമെന്താണെന്നും കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗ് എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നോ എന്നും വിശദമാക്കുമോ? | (സി) | ടൂറിസം ഡയറക്ടർ ബന്ധപ്പെട്ട ഭരണവകുപ്പിനു നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ, 20/01/2020-ലെ സ.ഉ.(സാധാ) നം. 23/2020/ ടൂറിസം പ്രകാരം INKEL-നു പകരം M/s KIIDC-നെ പ്രസ്തുത പദ്ധതിയുടെ SPV-ആയി ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത പ്രവർത്തി ഇതുവരെ ആരംഭിക്കാത്ത സാഹചര്യത്തിൽ കിഫ്ബിയുടെ സാങ്കേതികപരിശോധന വിഭാഗം പ്രോജക്റ്റ് പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ